നം.ബി1/8224/2011/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി:07/02/2011.

## സർക്കുലർ നമ്പർ.1

**വിഷയം:** പൊതു വിദ്യാഭ്യാസം - ജീവനക്കാര്യം - 2011-2012 അദ്ധ്യയന വർഷത്തെ അദ്ധ്യാപകരുടെ ഓൺലൈൻ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പുറപ്പെടുവിക്കുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ അദ്ധ്യാപകർ, പ്രൈമറി വിഭാഗം പ്രധാനാദ്ധ്യാപകർ/ പ്രൈമറി അദ്ധ്യാപകർ എന്നിവരുടെ 2011-2012 അദ്ധ്യയന വർഷത്തേയ്ക്ക് പൊതു സ്ഥലംമാറ്റത്തിന് ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ സംബന്ധിച്ച വിവരം www.transferandpostings.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

അപേക്ഷകന് ഒരു അപേക്ഷ മാത്രമേ രജിസ്റ്റർ ചെയ്യുവാൻ അനുവദിക്കുകയുള്ളൂ. അപേക്ഷകർക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനായി ഇന്റർനെറ്റ് സൗകര്യമുള്ള ഏത് കമ്പ്യൂട്ടറും ഉപയോഗിക്കാവുന്നതാണ്.

ദീർഘമായ അവധിയിൽ നിൽക്കുന്നവർക്കും അന്യത്ര സേവനത്തിൽ തുടരുന്നവർക്കും അപേക്ഷ സമർപ്പിക്കാവുന്നതല്ല.

ഓൺലൈൻ സ്ഥലംമാറ്റം കൂടുതൽ പ്രായോഗികമാക്കുന്നതിനായി എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിനും പാസ്‌വേഡ് നൽകുന്നതാണ് സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കാൻ ആഗ്രഹിക്കുന്നവർക്ക് യൂസർ നാമവും പാസ്‌വേഡും വിദ്യാഭ്യാസ ഉപഡയറക്ടർ നൽകേണ്ടതാണ്. അപേക്ഷകർ പ്രസ്തുത യൂസർ നാമവും പാസ്‌വേഡും ഉപയോഗിച്ച് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ഒരു വിദ്യാഭ്യാസ ഉപഡയറക്ടറുടെ അധികാര പരിധിയിൽപ്പെടുന്ന ഓരോ വിഭാഗത്തിലുമുള്ള എല്ലാ അദ്ധ്യാപകർക്കും, പ്രൈമറി വിഭാഗം പ്രധമാദ്ധ്യാപകർക്കും, സ്ഥിരമായ ഒരു റാങ്ക് നമ്പർ. നൽകുന്നത് ഉചിതമായിരിക്കും. ആയതിന് എല്ലാ ഓഫീസിലും ഓരോ വിഭാഗത്തിനും പ്രത്യേകം പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. പി.എസ്.സി.മുഖേന നിയമനം ലഭിക്കുന്ന അദ്ധ്യാപകർക്ക് പ്രസ്തുത നിയമനത്തിനായി അഡ്വൈസ് ചെയ്ത തീയതിയും അഡ്വൈസ് ക്രമ നമ്പരും ആകും സീനിയോറിറ്റി കണക്കാക്കാൻ പരിഗണിക്കുക. പ്രൊമോഷൻ തസ്തികയിലേയ്ക്കാണ് നിയമനമെങ്കിൽ പ്രൊമോഷൻ ഉത്തരവിന്റെ തീയതിയും ഉത്തരവിലെ ക്രമ നമ്പരും ആകും സീനിയോറിറ്റി കണക്കാക്കാൻ പരിഗണിക്കുക. പി.എസ്.സി. നിയമനം ലഭിച്ച് ജോലിയിൽ ചേർന്നത് നിയമന തീയതിയ്ക്ക് 3 മാസത്തിന് ശേഷമാണെങ്കിൽ അവർ സർവ്വീസിൽ ചേർന്ന ദിവസം മുതൽ മാത്രം സീനിയോറിറ്റി കണക്കാക്കാവുന്നതാണ്. അന്തർ ജില്ലാ സ്ഥലം മാറ്റം മുഖേന വരുന്നവരുടെ സീനിയോറിറ്റി അവർ പ്രസ്തുത ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതലേ കണക്കാക്കുകയുള്ളൂ.

മലയോര/റിമോർട്ട് മേഖലയിലെ സ്കൂളുകളെ സംബന്ധിച്ച വിവരം വകുപ്പുതലത്തിൽ പ്രത്യേകം നിർവ്വഹിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതായിട്ടുണ്ട്. ആയതിനു താങ്കളുടെ അധികാര പരിധിയിൽപ്പെട്ട മലയോര/റിമോർട്ട് സ്കൂളുകളുടെ ലിസ്റ്റ് അടിയന്തിരമായി ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ്. മലയോര/റിമോർട്ട് സ്കൂളുകളെ കണക്കാക്കുന്നതിനു, വാഹന സൗകര്യം ഇല്ലാതെ കാൽനടയായി 2 കിലോമീറ്റർ അധികം പോകേണ്ടതും, കടത്തു വള്ളം എന്നിവയെ താണ്ടി പോകുന്ന സ്കൂളുകളുമായിരിക്കണം.

എം.ആർ.എസ്.സ്കൂളുകളിലെ നിയമനം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിലായതിനാൽ എം.ആർ.എസ്. സ്കൂളുകളിലെ വേക്കൻസികൾ ഓൺലൈനിൽ ഉൾപ്പെടുത്തുവാൻ പാടില്ല. അതുപോലെ ഐ.റ്റി.ഐ, പോളിടെക്നിക് എന്നീ സ്ഥാപനങ്ങളിലെ നിയമനവും വിദ്യാഭ്യാസ ഉപഡയറക്ടറുടെ നിയന്ത്രണത്തിൽ അല്ലാത്തതിനാൽ ടി ഒഴിവുകളും ഓൺലൈനിൽ ഉൾപ്പെടുത്താവുന്നതല്ല.

ഹൈസ്കൂൾ അദ്ധ്യാപകർ, പ്രൈമറി വിഭാഗം പ്രഥമാദ്ധ്യാപകർ, പ്രൈമറി അദ്ധ്യാപകർ എന്നീ വിഭാഗത്തിൽപ്പെട്ട 69 തസ്തികയാണ് ഓൺലൈൻ സ്ഥലംമാറ്റത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതു ഉൾപ്പെട്ട ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. അതിൽ ഏതെങ്കിലും വിഭാഗത്തെ കൂടി ഉൾപ്പെടുത്തുവാനോ, ഒഴിവാക്കുവാനോ ഉണ്ടെങ്കിൽ ആയതു 16/02/2011 തീയതിക്കു മുമ്പായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പ്രൈമറി സ്കൂൾ മുതൽ ഹൈസ്കൂൾ തലം വരെയുള്ള അദ്ധ്യാപകരുടേയും പ്രൈമറി സ്കൂൾ പ്രഥമ അദ്ധ്യാപകരുടെയും ഒഴിവുകൾ ജില്ലാ തലത്തിൽ വ്യക്തമായി അറിയിക്കേണ്ടതുണ്ട്. പെൻഷൻ പ്രായം ഏകീകരിച്ചതിനെ തുടർന്ന് 01/04/2011 തീയതിയിൽ ഉണ്ടാകുന്ന എല്ലാ ഒഴിവുകളും ഓൺലൈൻ മുഖേന കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുകയോ, ഒഴിവുകൾ അനുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉൾപ്പെടുത്തുകയോ ചെയ്യാവുന്നതല്ല.

ഓൺലൈൻ മുഖേന സമർപ്പിക്കുന്ന അപേക്ഷയുടെ പരിശോധനയിൽ കൃത്യത ഉണ്ടായിരിക്കേണ്ടതാണ്. സ്ഥലംമാറ്റത്തിനു പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ പരിഗണനക്ക് അർഹമായ ആധികാരിക രേഖ സൂക്ഷമമായി പരിശോധിക്കപ്പെട്ടിരിക്കണം. പ്രത്യേക പരിഗണനാർഹമായ രേഖ ഏത് സാഹചര്യത്തിലും പരിശോധനക്കും സംശയ നിവാരണത്തിനുമായി വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

മുൻവർഷങ്ങളിൽ എന്നപോലെ അദ്ധ്യാപകർ, പ്രൈമറി പ്രഥമ അദ്ധ്യാപകരുടെ സ്ഥലംമാറ്റം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ പൂർണ്ണ ഉത്തരവാദിത്വത്തിലും നിയന്ത്രണത്തിലുമാണ്. ഓൺലൈൻ സ്ഥലംമാറ്റം കൂടുതൽ പ്രായോഗികമാക്കുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടറുടെ

നേതൃത്ത്വത്തിൽ പ്രസ്തുത ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, സീനിയർ സൂപ്രണ്ട്, ഓൺലൈൻ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട ക്ലാർക്കുമാർ, എന്നിവർ ഉൾപ്പെട്ട ഒരു സെൽ രൂപീകരിക്കേണ്ടതാണ്. പ്രസ്തുത സെല്ലിലെ അംഗങ്ങൾക്ക് ഐ.റ്റി @ സ്കൂളറിന്റെ നേതൃത്വത്തിൽ ഓൺലൈൻ സ്ഥലംമാറ്റം സംബന്ധിച്ച് ആവശ്യമായ പരിശീലനം സമയബന്ധിതമായി നൽകുന്നതാണ്. പ്രസ്തുത സെൽ ഓൺലൈൻ സ്ഥലംമാറ്റം സംബന്ധിച്ച് നയപരമായ കാര്യങ്ങൾ ഒഴികെ ഓൺലൈൻ സ്ഥലംമാറ്റം സംബന്ധിച്ച് സംശയ നിവാരണത്തിനു ഐ.റ്റി @ സ്കൂളുമായി നേരിട്ട് ഓൺലൈൻ മുഖേന ആശയ വിനിമയം നടത്താവുന്നതാണ്. കൂടാതെ ഓൺലൈൻ സ്ഥലംമാറ്റം സംബന്ധിച്ച് അദ്ധ്യാപകർക്ക് ആവശ്യമായ അറിയിപ്പുകൾ നൽകുന്നതിനു ജില്ലാതലത്തിൽ തന്നെ പത്രപരസ്യം നൽകേണ്ടതാണ്. ഓൺലൈൻ സ്ഥലംമാറ്റം സംബന്ധിച്ച അദ്ധ്യാപകരുടെ അന്വേഷണങ്ങൾക്കും സംശയങ്ങളക്കും യഥാസമയം പരിഹാരം നൽകുന്നതിനും സംശയങ്ങൾ ദൂരീകരിക്കുന്നതിനുമായി ഓരോ ജില്ലയിലും വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസ് കേന്ദ്രീകരിച്ച് ഹെൽപ്ലൈൻ സംവിധാനം ഒരുക്കേണ്ടതാണ്. ഇതിനായി വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ സ്ഥലംമാറ്റം സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്റെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്. സാധിക്കുമെങ്കിൽ 24 മണിക്കൂറും ബന്ധപ്പെടുവാൻ കഴിയുന്ന തരത്തിൽ മൊബൈൽ ഫോൺ നമ്പർ ഹെൽപ്ലൈൻ നമ്പരായി നൽകുന്നത് ഉചിതമായിരിക്കും.

പ്രഥമ അദ്ധ്യാപകർക്കും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ഓൺലൈൻ സ്ഥലംമാറ്റം സംബന്ധിച്ച് അവരുടെ കോൺഫറൻസിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. ഓൺലൈൻ സ്ഥലംമാറ്റം കൂടുതൽ പ്രായോഗികമാക്കുന്നതിനായി എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിനും പാസ്സ്‌വേഡ് നൽകുന്നതാണ്. വിദ്യാഭ്യാസ ഉപഡയറക്ടർ ഓരോ സ്കൂളിനും ഓരോ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിനും ഒരു പാസ്സ്‌വേഡ് നൽകുന്നതും. പ്രഥമ അദ്ധ്യാപകർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അവരുടെ അധികാരപരിധിയിൽ രജിസ്റ്റർ ചെയ്ത അപേക്ഷകൾ ഓൺലൈൻ വഴി സൂക്ഷ്മ പരിശോധന നടത്തേണ്ടതും ആയതു റിമാർക്സ് സഹിതം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. അപേക്ഷയുടെ പ്രിന്റ് അതാത് ഓഫീസിൽ സൂക്ഷിക്കേണ്ടതും, ആയതിന്റെ ശരിപകർപ്പ് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് കൈമാറേണ്ടതുമാണ്. വിദ്യാഭ്യാസ ഉപഡയറക്ടർ പരിഗണനാർഹമായ അപേക്ഷകളും സ്ഥലംമാറ്റത്തിനു പ്രത്യേക പരിഗണന അർഹിക്കുന്ന അപേക്ഷകളും പരിഗണനാർഹമല്ലാത്ത അപേക്ഷകളും തരംതിരിക്കേണ്ടതാണ്. പരിഗണനാർഹമല്ലാത്ത അപേക്ഷകളുണ്ടെങ്കിൽ കാരണം വ്യക്തമാക്കേണ്ടതാണ്. അപേക്ഷയുടേയും ബന്ധപ്പെട്ട (പ്രത്യേക പരിഗണന തെളിയിക്കുന്നതിനുള്ള) രേഖകളുടേയും പരിശോധനയുടെ കൃത്യത ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്. ഈ അദ്ധ്യയന വർഷത്തിൽ ഉണ്ടാകുന്ന ഒഴിവുകളിൽ ഈ ഒരപേക്ഷ മാത്രമേ പരിഗണിക്കുകയുള്ളൂ. പൊതു

.......4

സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്നതിന് അനുവദിച്ചിട്ടുളള കാലാവധിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിലെ ഏത് തസ്തികയിലേക്കാണ് സ്ഥലംമാറ്റം വേണ്ടത് പ്രസ്തുത തസ്തികയിൽ തുടരുന്നവർക്ക് മാത്രമേ പൊതുസ്ഥലം മാറ്റത്തിന് അപേക്ഷിക്കാൻ അർഹതയുളളൂ. അപേക്ഷ സംബന്ധിച്ച വിവരം www.transferandpostings.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

ഓൺലൈൻ മുഖേന പുറപ്പെടുവിക്കുന്ന സ്ഥലംമാറ്റ ഉത്തരവിന്റെ കൃത്യത അതാത് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ പൂർണ്ണ ഉത്തരവാദിത്ത്വത്തിൽ തന്നെ ആയിരിക്കുന്നതാണ്.

2011-2012 അദ്ധ്യയന വർഷത്തെ പൊതു സ്ഥലംമാറ്റം സമയബന്ധിതമായി നടത്തുന്നതിനുളള ചാർട്ട് ഇതോടൊപ്പം ഉളളടക്കം ചെയ്യുന്നു.

| | | |
|---|---|---|
| 1. | ഓരോ ജില്ലയിലേയും ഒഴിവുകളുടെ വ്യക്തമായ കണക്ക് (01/04/2011 തീയതിയിൽ ഉണ്ടാകുന്നത്) നിശ്ചിത മാതൃകയിൽ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടത്. | 14/02/2011 വരെ |
| 2. | അപേക്ഷ സ്വീകരിക്കുന്ന തീയതി. | 21/02/2011 മുതൽ 28/02/2011 വരെ |
| 3. | സ്കൂൾ തലത്തിലും വിദ്യാഭ്യാസ ഉപജില്ലാ തലത്തിലും അപേക്ഷ പരിശോധിക്കുന്നതിനു അനുവദിച്ച സമയം. | 01/03/2011 മുതൽ 04/03/2011 വരെ |
| 4. | വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ അപേക്ഷ പരിശോധിക്കലും സീനിയോറിറ്റി തയ്യാറാക്കലും അപേക്ഷകളിൽ പ്രധാന അദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ രേഖാമൂലം തിരുത്തലുകൾ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയതു ടി കാലയളവിൽ തിരുത്തേണ്ടതുമാണ്. | 05/03/2011 മുതൽ 12/03/2011 വരെ |
| 5. | ജില്ലയിൽ ഓരോ തസ്തികയിലേക്കും ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ (സീനിയോറിറ്റി) അടങ്ങിയ സംക്ഷിപ്തരൂപം പ്രസിദ്ധീകരിക്കേണ്ടത്. | 15/03/2011. |
| 6. | അപേക്ഷകർക്ക് ആക്ഷേപം സമർപ്പിക്കുവാനുളള സമയം. | 16/03/2011. മുതൽ 20/03/2011 വരെ. |
| 7. | പ്രൈമറി പ്രഥമ അദ്ധ്യാപകരുടെ താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ. | 24/03/2011. |
| 8. | പ്രൈമറി പ്രഥമ അദ്ധ്യാപകരുടെ താൽക്കാലിക ഉത്തരവിൽ ആക്ഷേപം സമർപ്പിക്കാനുളള സമയം. | 25/03/2011 മുതൽ 29/03/2011 വരെ. |
| 9. | പ്രൈമറി പ്രഥമ അദ്ധ്യാപകരുടെ അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ. | 31/03/2011. |
| 10. | ഹൈസ്കൂൾ അദ്ധ്യാപകർ, പ്രൈമറി അദ്ധ്യാപകരുടെ താൽക്കാലിക സ്ഥലമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ. | 10/05/2011. |
| 11. | താൽക്കാലിക ഉത്തരവിൽ ആക്ഷേപം സമർപ്പിക്കാനുളള സമയം. | 10/05/2011 മുതൽ 15/05/2011 വരെ. |
| 12. | ഹൈസ്കൂൾ അദ്ധ്യാപകർ, പ്രൈമറി അദ്ധ്യാപകരുടെ അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ. | 25/05/2011. |

പ്രൈമറി പ്രഥമ അദ്ധ്യാപകരുടെ സ്ഥലംമാറ്റ ഉത്തരവ് നൽകിയാൽ ഉടൻ തന്നെ 05/04/2011 തീയതിക്കുള്ളിൽ പ്രൈമറി പ്രഥമ അദ്ധ്യാപക തസ്തികയിലേക്കുള്ള പ്രൊമോഷൻ നൽകുകയും, പ്രസ്തുത ഉത്തരവ് പ്രകാരം തൽസ്ഥാനങ്ങളിൽ അദ്ധ്യാപകർ പ്രവേശിച്ചിട്ടുണ്ടോ എന്നും ഉറപ്പു വരുത്തേണ്ടതും ആയതിലൂടെ ഉണ്ടാകുന്ന ഒഴിവുകൾ ഓൺലൈനിൽ ഉൾപ്പെടുത്തി അദ്ധ്യാപകരുടെ സ്ഥലംമാറ്റം നിശ്ചിത തീയതിക്കുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

വിദ്യാഭ്യാസ ഉപഡയറക്ടർ,

.........................................

എക്സിക്യൂട്ടീവ് ഡയറക്ടർ
ഐ.ടി.@ സ്കൂൾ.

വി.